## പതിമൂന്നാം കേരള നിയമ സഭ

## പന്ത്രണ്ടാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ. 4235

16-12-2014-ൽ മറുപടിക്ക്

# മിഷൻ 676 ൽ ഉൾപ്പെടുത്തി ഐ.ടി. മേഖലയിൽ പദ്ധതികൾ

ചോദ്യം

ശ്രീ. അബ്ദു റഹിമാൻ രണ്ടത്താണി

ഉത്തരം

ശ്രീ. പി. കെ. കുഞ്ഞാലിക്കുട്ടി

(വ്യവസായവും, വിവര സാങ്കേതികവും വകുപ്പ് മന്ത്രി)

| | | | |
|---|---|---|---|
| (എ) | മിഷൻ 676 ൽ ഉൾപ്പെടുത്തി ഐ.ടി. മേഖലയിൽ നടപ്പാക്കാൻ ഉദ്ദേശിക്കുന്ന പദ്ധതികൾ എന്തൊക്കെയാണെന്ന് വിശദമാക്കുമോ; | (എ) | സമ്പൂർണ്ണ ഡിജിറ്റൽ കേരളം, ഇ-ഗവേണൻസ്, വിദ്യാർത്ഥി-സംരംഭക പദ്ധതികൾ (സ്റ്റാർട്ട്അപ്പ് വില്ലേജ് ഉൾപ്പെടെ) സെക്രട്ടറിയേറ്റിലെ ഇ-ഓഫീസ് സംവിധാനം സ്മാർട്ട് സിറ്റി പദ്ധതി എന്നീ പദ്ധതികളാണ് ഐ.ടി മേഖലയിൽ നടപ്പാക്കാൻ ഉദ്ദേശിച്ചിട്ടുള്ളത്. |
| (ബി) | ഈ പദ്ധതികൾ നടപ്പിലാക്കുന്നതിനായി കൈകൊണ്ട നടപടികൾ എന്തൊക്കെ യാണെന്ന് വ്യക്തമാക്കുമോ: | (ബി) | കേരളത്തെ ഒരു സമ്പൂർണ്ണ ഡിജിറ്റൽ സംസ്ഥാനമാക്കി മാറ്റുക എന്ന ലക്ഷ്യം കൈവരിക്കാനായി നിരവധി ഇ-ഗവേണൻസ് പദ്ധതികൾ സർക്കാർ ആവിഷ്ക്കരിച്ച് നടപ്പിലാക്കി വരുന്നു. ഇ-ഗവേണൻസ് പദ്ധതികൾ സമയബന്ധിതമായും കാര്യക്ഷമതയോടുകൂടിയും പൂർത്തിയാക്കുന്നതിനും പദ്ധതി നടത്തിപ്പിലെ ബുദ്ധിമുട്ടുകൾ പരിഹരിക്കുന്നതിനുമായി ചീഫ് സെക്രട്ടറി ചെയർമാനായും, വകുപ്പ് സെക്രട്ടറിമാരും, വകുപ്പ് തലവൻമാരും അംഗമായിട്ടുള്ള സംസ്ഥാന അപക്സ് കമ്മിറ്റിക്ക് രൂപം നൽകിയിട്ടുണ്ട്. വിദ്യാർത്ഥികളെയും യുവാക്കളെയും സംരംഭകരാക്കാനുള്ള സ്റ്റാർട്ടപ്പ് പദ്ധതിയിൽ രണ്ട് വർഷം കൊണ്ട് ഇരുനൂറിലധികം സ്റ്റാർട്ട്അപ്പുകൾക്ക് തുടക്കമായിട്ടുണ്ട്. സെക്രട്ടറിയേറ്റിലെ ഫയൽ തീർപ്പ |

| | | | |
|---|---|---|---|
| | | | കൽപ്പിക്കുന്നതിനുള്ള സമയ ദൈർഘ്യം കുറയ്ക്കുന്നതിനും അതുവഴി പൊതു ജനങ്ങൾക്ക് പരമാവധി വേഗത്തിൽ സർക്കാർ സേവനങ്ങൾ ലഭ്യമാക്കുക എന്ന ഉദ്ദേശ്യത്തോടെ NIC, IT Mission, Keltron എന്നിവരുടെ സഹായത്തോടെ ഇ-ഓഫീസ് സംവിധാനം നടപ്പിലാക്കി വരുന്നു.<br><br>സ്മാർട്ട് സിറ്റി പദ്ധതിയുടെ 246 ഏക്കറിന്റെയും മാസ്റ്റർ പ്ലാനിന് സംസ്ഥാന പാരിസ്ഥിതികാഘാത നിർണ്ണയ അതോറിറ്റിയുടെ പാരിസ്ഥിതികാനുമതി ലഭ്യമായിട്ടുണ്ട്. ഇതിൽ 232 ഏക്കറിന് പ്രത്യേക സാമ്പത്തിക മേഖലാ പദവി ലഭ്യമായിട്ടുണ്ട്. മറ്റ് അടിസ്ഥാന സൗകര്യങ്ങൾ ഒരുക്കുന്നതിനുള്ള നടപടികൾ പുരോഗമിച്ചു വരുന്നു. |

സെക്ഷൻ ഓഫീസർ